**പന്ത്രണ്ടാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 ജൂലൈ 2, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിര പ്രമേയനോട്ടീസ്

മി. സ്പീക്കർ: സംസ്ഥാനത്തെ പൊതുറോഡുകളിലും പാതയോരങ്ങളിലും പൊതുയോഗങ്ങൾ നടത്തുന്നത് നിരോധിച്ചു കൊണ്ടുള്ള ഹൈക്കോടതി വിധിക്കെതിരെ അപകീർത്തികരമായ പരാമർശം നടത്തി ജുഡീഷ്യറിയെ ഭരണഘടനാ വിരുദ്ധമായി തകർക്കാൻ ശ്രമിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. വി.ഡി. സതീശൻ, തോമസ് ചാഴികാടൻ, സി.ടി. അഹമ്മദ് അലി, കെ.കെ. ഷാജു, കെ.ബി. ഗണേഷ്കുമാർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. വിഷയത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ടു തന്നെ ഇത് ആദ്യ സബ്മിഷനായി അവതരിപ്പിക്കാവുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ജുഡീഷ്യറിയും എക്സിക്യൂട്ടീവും തമ്മിലുള്ള പരസ്പര ബഹുമാനം ജനാധിപത്യത്തിൽ വലിയ ഘടകമാണ്. അത് സംബന്ധിച്ച പ്രാധാന്യമർഹിക്കുന്ന പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. പെറ്റീഷണർ പ്രസ്തുത കേസിനാസ്പദമായ പെറ്റീഷനിൽ പറഞ്ഞ കാര്യങ്ങൾ പോലീസ് ശരിയാണെന്ന് സ്ഥാപിക്കുകയാണ് ചെയ്തത്. കോടതി വിധിക്കെതിരെ ഗവൺമെന്റ് വക്കീൽ ഒന്നും പറഞ്ഞതുമില്ല. വിധി തൃപ്തികരമല്ലെങ്കിൽ വ്യവസ്ഥാപിത മാർഗത്തിലൂടെ ഗവൺമെന്റ് അപ്പീൽ കൊടുക്കുകയായിരുന്നു വേണ്ടത്. അല്ലാതെ വിധിക്കെതിരെ പാർട്ടിയുടെ അണികൾ കോടതികളിലേയ്ക്ക് മാർച്ച് നടത്തുകയും പാർട്ടി നേതാക്കന്മാർ ജഡ്ജിമാരെ അപകീർത്തിപ്പെടുത്തുകയും ചെയ്യുന്നതിനെ അനുകൂലിക്കുകയല്ല വേണ്ടത്. ജനാധിപത്യത്തിന്റെ ശക്തിയെ തകർക്കുന്ന പ്രവർത്തിയാണ് ഇവിടെ നടന്നത്. അതിനെ സംബന്ധിച്ച അന്വേഷണമാണ് നടത്തേണ്ടത്. നിയമലംഘനം നടത്തുന്നവർക്ക് പോലീസ് കൂട്ടുനിൽക്കുകയാണ് ചെയ്യുന്നത്. നിയമം കയ്യിലെടുക്കാൻ ആരെയും അനുവദിക്കരുത്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സാധാരണഗതിയിൽ കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയം സഭയിൽ ചർച്ച ചെയ്യാറില്ല. ബഹുമാനപ്പെട്ട സ്പീക്കർ ഈ വിഷയം സബ്മിഷനായി അവതരിപ്പിക്കാനുള്ള അവസരം നൽകിയിട്ടുണ്ട്. അതിന് ഗവൺമെന്റ് മറുപടി നൽകുന്നതാണ്. ഗവൺമെന്റ് ഇൻസ്ട്രക്ഷൻ കിട്ടാതെ ഒന്നും പറയാനാകില്ലെന്നും അതിന് സമയം വേണമെന്നുമാണ് ഗവൺമെന്റ് വക്കീൽ കോടതിയെ ബോധ്യപ്പെടുത്തിയത്. അഭിഭാഷകരെ പഴിക്കുന്നത് ശരിയല്ലെന്ന് കോടതി തന്നെ പറഞ്ഞിട്ടുമുണ്ട്.

കോടതി വിധി പ്രായോഗികല്ലാത്തതിനാൽ വിധിക്കെതിരെ റിവ്യൂ പെറ്റിഷൻ ഫയൽ ചെയ്യുന്നതാണെന്ന ഗവൺമെന്റ് നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. രാഷ്ട്രീയ നേതാക്കന്മാർ നടത്തിയ പ്രസ്താവനകളെക്കുറിച്ച് ഹൈക്കോടതി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഈ വിഷയത്തിൽ കോടതി വിധിക്കെതിരെ അപ്പീൽ സമർപ്പിക്കാൻ പ്രതിപക്ഷവും യോജിച്ചു നിൽക്കുക യാണ് വേണ്ടത്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): കോടതി കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന വിഷയമായതിനാൽ അതിന്മേൽ അഭിപ്രായം പറയേണ്ട കാര്യമില്ല. ഈ വിഷയം സബ്മിഷനായി അവതരിപ്പിക്കാൻ സ്പീക്കർ അവസരം നൽകിയിട്ടുണ്ട്. അതിന് മറുപടി നൽകുന്നതാണ്.

(അടിയന്തിരപ്രമേയ നോട്ടീസ് അനുവദിക്കാത്തതിനെത്തുടർന്ന് പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബഹളംവച്ച് സഭാനടപടി കൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റിലേയ്ക്ക് തിരികെ പോകണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ ആവശ്യപ്പെ ട്ടെങ്കിലും ബഹളം തുടർന്നതിനാൽ അജണ്ടയിലെ അടുത്ത നടപടികളി ലേയ്ക്ക് കടന്നു.)

## ശ്രദ്ധക്ഷണിക്കൽ

(ശ്രീ. എം. എ. വാഹീദ് നോട്ടീസ് നൽകിയിരുന്ന ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

### പ്രവാസികളുടെ വിവരങ്ങൾ സെൻസസിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : പ്രവാസികളുടെ വിവരങ്ങൾ ദേശീയ ജനസംഖ്യ രജിസ്റ്ററിൽ ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : രാജ്യത്തെ ജനസംഖ്യ കണക്കെടുപ്പിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ തീരുമാനിക്കുന്നത് കേന്ദ്ര സർക്കാരാണ്. 2011 മാർച്ച് അടിസ്ഥാനമാക്കിയുള്ള ജനസംഖ്യ കണക്കെടുപ്പാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ നേതൃത്വത്തിൽ നടന്നുവരുന്നത്. ഇത്തവണത്തെ ജനസംഖ്യ കണക്കെടുപ്പിലും അതോടനുബന്ധിച്ച് നടക്കുന്ന ദേശീയ ജനസംഖ്യ രജിസ്റ്റർ തയ്യാറാക്കലിലും പ്രവാസികളായ ആളുകളെക്കൂടി ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം വിളിച്ചുചേർത്ത സംസ്ഥാന ഉദ്യോഗസ്ഥരുടെ യോഗത്തിൽ കേരളത്തിന്റെ ആവശ്യം ഉന്നയിച്ചിരുന്നു. അന്തിമ തീരുമാനം എടുക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും കേരളത്തിൽനിന്നുള്ള കേന്ദ്ര മന്ത്രിമാരും സംസ്ഥാന ഗവൺമെന്റ് ഉന്നയിച്ച ഈ ആവശ്യത്തിന് പിന്തുണ നൽകണം.

## മേശപ്പുറത്തുവച്ച കടലാസ്

സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ച് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2009 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റിപ്പോർട്ട് ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മേശപ്പുറത്ത് വച്ചു.

## അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ
ഇരുപത്തിനാലാമത് റിപ്പോർട്ട്

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(i) 2010-ലെ കേരള ക്ഷേത്രവാദ്യ കലാകാരൻമാർക്കായുള്ള ക്ഷേമനിധി ബിൽ

ശ്രീ. വി. എസ്. സുനിൽ കുമാർ: 2010-ലെ കേരള ക്ഷേത്രവാദ്യ കലാകാരൻമാർക്കായുള്ള ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീമതി ഇ. എസ്. ബിജി മോൾ: പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സംസ്ഥാനത്തെ ക്ഷേത്രവാദ്യ കലാകാരൻമാർ ഉൾപ്പെടെയുള്ള എല്ലാ കലാകാരൻമാർക്കുമായി പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കിക്കൊണ്ടുള്ള ഒരു സമഗ്ര ക്ഷേമനിധി രൂപീകരിക്കുന്നതിനായി സർക്കാർ നടപടി സ്വീകരിച്ചു വരുന്നതിനാൽ ക്ഷേത്രവാദ്യ കലാകാരൻമാർക്കായി ഒരു പ്രത്യേക ക്ഷേമനിധി രൂപീകരിക്കേണ്ടതിന്റെ ആവശ്യമില്ല. അതുകൊണ്ട് ഈ ബില്ലിന് അനുമതി നൽകേണ്ടതില്ല.

(ശ്രീ. വി. എസ്. സുനിൽ കുമാർ അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.)

(ii) 2010-ലെ കേരള അംഗീകൃത അൺഎയ്ഡഡ് സ്കൂൾ ജീവനക്കാർക്കുള്ള ക്ഷേമനിധി ബിൽ

(ശ്രീ. ബി. ബാബു പ്രസാദ് പ്രമേയം അവതരിപ്പിച്ചില്ല.)

(iii) 2010-ലെ കേരള സാമൂഹ്യ പ്രവർത്തക ക്ഷേമനിധി ബിൽ

(ശ്രീ. എം. മുരളി പ്രമേയം അവതരിപ്പിച്ചില്ല.)

(3) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർ ചർച്ച

(i) 2009-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(നോട്ടീസ് നൽകിയ ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി സീറ്റിൽ ഇല്ലാത്തതിനാൽ പ്രമേയത്തിന്മേലുള്ള തുടർ ചർച്ച നടന്നില്ല.)

(ii) 2007-ലെ കേരള മതനിരപേക്ഷ മൃതദേഹ സംസ്ക്കരണസ്വാതന്ത്ര്യം ഉറപ്പാക്കൽ ബിൽ

(നോട്ടീസ് നൽകിയ ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് സഭയിൽ ഹാജരല്ലാത്തതിനാൽ പ്രമേയത്തിന്മേലുള്ള തുടർ ചർച്ച നടന്നില്ല.)

(iii) 2008-ലെ കേരള മാനസികാരോഗ്യ (പരിപാലന) ബിൽ

(ശ്രീ. സാജു പോൾ നോട്ടീസ് നൽകിയത്)

(ചർച്ച തുടർച്ച)

ശ്രീ. സാജു പോൾ: കേരളത്തിലെ മാനസികാരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട ഏറ്റവും ഗൗരവമാർന്ന ഒരു പ്രശ്നമാണിത്. മാനസികാരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു പ്രത്യേക നിയമം വേണമെന്നുള്ളതാണ് ആവശ്യം. മാനസികരോഗം ബാധിച്ച എല്ലാവരേയും സംരക്ഷിക്കണം. കേരളം ഇന്ന് ഗുരുതരമായ ഈ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സർക്കാരിന്റെ പരിഗണനയിലുള്ള വിഷയമാതിനാൽ ഇത്തരമൊരു ബില്ലിന്റെ ആവശ്യമില്ല.

പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

സഭ രാവിലെ 10.00 മണിക്ക് പിരിഞ്ഞു.

-----------